**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1605** **01-02-2024 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ റീസർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കാസർകോട് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ കഴിഞ്ഞതെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ഷിരിബാഗിലു, മുളിഞ്ച, മൊഗ്രാൽ, ഇച്ചിലംപാടി, പുത്തൂർ, കൊടിബയൽ, മധൂർ, പട്‌ള, കോയിപ്പാടി, കണ്ണൂർ, കുഡ് ലു, മംഗൽപാടി, ഉദുമ, കോട്ടികുളം, പള്ളിക്കര, കീക്കാൻ, ചിത്താരി, അജാനൂർ, ഹോസ്ദുർഗ്, ചെറുവത്തൂർ, തുരുത്തി, മാണിയാട്ട്, പീലിക്കോട്, ഉപ്പള, ബല്ല, പുതുക്കൈ എന്നീ 26 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | ഓരോ വില്ലേജിലും റീസർവ്വേ സംബന്ധിച്ച് ലഭിച്ച പരാതികൾ എത്രയെന്നും അതിൽ എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ; | (ബി) | റീസർവ്വെ സംബന്ധിച്ച് ലഭിച്ച പരാതികളുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കൂടുതൽ പരാതികൾ തീർപ്പാക്കാൻ ബാക്കിയുള്ള ഓഫീസുകളിൽ അതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | റീസർവ്വെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി റീസർവ്വെ ഹെഡിൽ നിന്നും എൽ.ആർ.എം ജോലികൾ നിർവ്വഹിക്കുന്നതിനായി 13 സർവ്വെയർമാരെ 3 താലൂക്കുകളിലായി പരാതികളുടെ എണ്ണത്തിന് അനുസരിച്ച് നിയോഗിച്ചിട്ടുള്ളതും പ്രസ്തുത സർവ്വെയർമാരുടെ സർവ്വെ ജോലികൾ വിശകലനം ചെയ്ത് കൃത്യമായ പുരോഗതി ഉറപ്പ് വരുത്തുന്നതിനായി ഹെഡ് സർവ്വെയർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ ജില്ലയിലെ എൽ.ആർ.എം ജോലികൾ എല്ലാ ആഴ്ചകളിലും സർവ്വെ ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| വില്ലേജ് | ലഭിച്ച പരാതികൾ | തീർപ്പാക്കിയവ | തീർപ്പാക്കാൻ ബാക്കിയുള്ളവ |
|---|---|---|---|
| ഉപ്പള | 203 | 6 | 197 |
| മുളിഞ്ച | 41 | 10 | 31 |
| കണ്ണൂർ | 78 | 5 | 73 |
| ഇച്ചിലംപാടി | 123 | 0 | 123 |
| മംഗൽപ്പാടി | 205 | 10 | 195 |
| കോഡിബയൽ | 55 | 10 | 45 |
| മൊഗ്രാൽ | 50 | 0 | 50 |
| കോയിപ്പാടി | 489 | 14 | 475 |
| മധൂർ | 185 | 33 | 152 |
| കുഡ് ലു | 128 | 15 | 113 |
| പട്ള | 65 | 4 | 61 |
| ഷിരിബാഗില്ലു | 97 | 5 | 92 |
| പുത്തൂർ | 134 | 20 | 114 |
| അജാനൂർ | 239 | 41 | 198 |
| കോട്ടിക്കുളം | 126 | 11 | 115 |
| പള്ളിക്കര | 125 | 7 | 118 |
| ഉദുമ | 115 | 3 | 112 |
| ചെറുവത്തൂർ | 204 | 44 | 160 |
| തുരുത്തി | 189 | 28 | 161 |
| പിലിക്കോട് | 132 | 11 | 121 |
| മാണിയാട്ട് | 121 | 3 | 118 |
| ബല്ല | 304 | 60 | 244 |
| ചിത്താരി | 241 | 43 | 198 |
| ഹോസ്ദുർഗ്ഗ് | 201 | 40 | 161 |
| പുതുക്കൈ | 596 | 21 | 575 |
| കീക്കാൻ | 840 | 780 | 60 |